(സി) വിദേശ മലയാളി ക്ഷേമനിധിയിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തുവെന്നും എത്ര സംഖ്യ അംശാദായം ലഭിച്ചുവെന്നും എത്ര രൂപ സർക്കാർ വിഹിതമായി നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. വിദേശത്ത് ജോലി ചെയ്യുന്നവർ ജനസംഖ്യാ കണക്കെടുപ്പ് സമയത്ത് സ്വന്തം താമസ സ്ഥലത്തുണ്ടെങ്കിൽ അവരെയും കണക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) സെൻസസിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരാണ്. ഭരണഘടനയുടെ 258-ാം വകുപ്പ് പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ നിർവ്വഹണ ചുമതല മാത്രമേ സംസ്ഥാന സർക്കാർ വഹിക്കുന്നുള്ളൂ.

(സി) പ്രവാസി ക്ഷേമനിധിയിൽ 14-2-2011 വരെ 63,994 പ്രവാസി മലയാളികൾ അംഗത്വത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. 19-2-2011 വരെ 2,78,36,618 രൂപ അംശാദായമായി ലഭിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രാരംഭിക ചെലവുകൾക്കായി 10 ലക്ഷം രൂപയും 2.90 കോടി രൂപ കോർപ്പസ് ഫണ്ട് അഡ്വാൻസായും സർക്കാർ നൽകിയിട്ടുണ്ട്.

സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

4 (2455) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എന്തൊക്കെ പ്രോജക്ട് റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ ആരംഭിക്കുന്ന ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുമെന്നാണ് ഉറപ്പാക്കിയിട്ടുള്ളത് ;

(ഡി) കൗൺസിൽ, ഗവേഷണത്തിലും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതികവകുപ്പ്മുഖേന സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ട്. കൂടാതെ കൗൺസിലിന്റെ വിവിധ ഗവേഷണ സ്ഥാപനങ്ങൾമുഖേന പദ്ധതികൾ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നുമുണ്ട്.

(ഡി) ഗവേഷണത്തിനും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- കണ്ണൂർ സർവ്വകലാശാലയുമായി ചേർന്ന് ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ ഇൻ ബയോടെക്നോളജി (TRCB) എന്ന സ്ഥാപനം തുടങ്ങുകയുണ്ടായി.
- കൊച്ചിൻ സർവ്വകലാശാലയുമായി യോജിച്ച് സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് & ഇൻസ്ട്രുമെന്റേഷൻ സെന്റർ- STIC
- സാർഡ് സ്കീംവഴി സർവ്വകലാശാലകൾക്ക് നിലവിലുള്ള പരീക്ഷണശാലകളുടെ ശേഷി വർദ്ധിപ്പിക്കാനും വ്യക്തമായ ശാസ്ത്രീയ കാഴ്ചപ്പാട് ഫലവത്താക്കാനും സാമ്പത്തിക സഹായം നൽകുന്നു
- സയൻസ് റിസർച്ച് സ്കീം

സെന്റർ ഫോർ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജി എന്ന സ്ഥാപനം കൗൺസിൽ, ശാസ്ത്ര സാങ്കേതിക വകുപ്പ്, കേരള സർവ്വകലാശാല എന്നിവ ചേർന്ന് നടത്തുന്നു.

ഇലക്ട്രോണിക് ഭരണ സംവിധാനം ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

5 (2456) ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രോണിക് ഭരണ സംവിധാനം ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) വിവര വിനിമയ സാങ്കേതികവിദ്യയുടെ സേവനം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഓരോ അസംബ്ലി മണ്ഡലത്തിലും "ഒരു ഐ.ടി. പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്ന വിവര വിനിമയ ശൃംഖലയായ KSWAN, SECWAN, DCWAN പദ്ധതിയും സ്റ്റേറ്റ് ഡാറ്റാ സെന്റർ എന്നിവ ഉപയോഗപ്പെടുത്തി ഇലക്ട്രോണിക് ഭരണ സംവിധാനം ത്വരിതപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly